(ഇ) സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് ഉത്തരവായിട്ടില്ല. കഴിഞ്ഞ വർഷത്തിൽ സാമ്പത്തിക ഞെരുക്കം കാരണം പുതിയ സെക്ഷനുകൾ ഒന്നും ആരംഭിക്കേണ്ട എന്ന് തീരുമാനിച്ചിരുന്നു. ഇപ്പോൾ 20,000-ത്തിൽ കൂടുതൽ ഉപഭോക്താക്കൾ ഉള്ള സെക്ഷനുകൾ വിഭജിക്കാൻ ആലോചിച്ചു വരുന്നു.

കട്ടപ്പന ഡിവിഷണൽ ഓഫീസിന്റെ വാടക പുതുക്കി നൽകാൻ നടപടി

25 [1113] ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി.-യുടെ കട്ടപ്പന ഡിവിഷണൽ ഓഫീസ് അരുടെ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും എന്ന് മുതലാണ് പ്രവർത്തനം ആരംഭിച്ചതെന്നും വെളിപ്പെടുത്തുമോ ;

(ബി) ഈ കെട്ടിടം വാടകയ്ക്ക് എടുത്തത് എന്നു മുതലാണ് എത്ര രൂപ വാടകയ്ക്കാണ് പ്രസ്തുത കെട്ടിടം എടുത്തതെന്ന് വെളിപ്പെടുത്തുമോ ;

(സി) കെ. എസ്. ഇ. ബി. വാടകയ്ക്ക് എടുക്കുന്ന കെട്ടിടങ്ങൾക്ക് വാടക പുതുക്കി നൽകാറുണ്ടോ എങ്കിൽ എത്ര വർഷത്തിലൊരിക്കലാണ് വാടക പുതുക്കി നൽകുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കട്ടപ്പന കെ. എസ്. ഇ. ബി. ഡിവിഷണൽ ഓഫീസ് കെട്ടിടത്തിന് വാടക പുതുക്കി നൽകുന്നതിന് ഉടമസ്ഥൻ അപേക്ഷിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം തുടർ നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ഇ) വാടക പുതുക്കി നൽകി ഉത്തരവായിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ; പുതുക്കി ഉത്തരവായിട്ടില്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ ആന്റ് ബി) ശ്രീ. പി. എൻ. ഗോപാലകൃഷ്ണൻ മാങ്കുഴി കണ്ടത്തിൽ കട്ടപ്പന എന്നയാളുടെ കെട്ടിടത്തിൽ 24-11-1998 മുതൽ പ്രതിമാസം 8,500 രൂപ വാടകയ്ക്ക് പ്രവർത്തിക്കുന്നു.

(സി) ഉണ്ട് മൂന്നു വർഷത്തിലൊരിക്കൽ.

(ഡി) ഉണ്ട് പി. ഡബ്ല്യു.ഡി. നിരക്കിൽ നൽകാവുന്ന ഏറ്റവും കൂടിയ വാടക 9366 രൂപയാണ് എന്നാൽ കെട്ടിടമുടമ 10,500 രൂപയിൽ കുറച്ച് കെട്ടിടം നൽകാൻ തയ്യാറായിട്ടില്ല. ആയതിനാൽ ഡിവിഷണൽ ഓഫീസ് മാറ്റുവാൻ തീരുമാനിച്ചിരിക്കയാണ്.

(ഇ) ബോർഡ് നിശ്ചയിച്ചിരിക്കുന്ന വാടക കെട്ടിടമുടമയ്ക്ക് സ്വീകാര്യമല്ലാത്തതിനാൽ പുതുക്കി നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly